ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയുമാണ് സൃഷ്ടിച്ചത്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. * 22-1-2014-ന് ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പുതുതായി തസ്തികകൾ സൃഷ്ടിച്ചതുവഴി സർക്കാരിനുണ്ടായ അധിക ബാധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

അഴിമതി നിർമ്മാർജ്ജനം

5 (1736) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസുതാര്യതയ്ക്കും അഴിമതി നിർമ്മാർജ്ജനത്തിനും വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹൈക്കോടതിയോ കീഴ്ക്കോടതികളോ ആവശ്യപ്പെട്ടതുപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിന് അന്വേഷണം നടത്തേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിൽ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടുകൾ കോടതി തള്ളിക്കളയുകയോ തുടരന്വേഷണത്തിന് ഉത്തരവിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളുടെ കാര്യത്തിൽ;

(ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ഏതെങ്കിലും കേസ്, കോടതി നിരാകരിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വിജിലൻസ് കേസുകളാണ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത്?

ഉത്തരം

(എ) നിലവിലുള്ള വിവരാവകാശ നിയമപ്രകാരം ഭരണ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ വിവരങ്ങളും നൽകാൻ വിജിലൻസ് വകുപ്പും അതിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും പ്രതിജ്ഞാബദ്ധമാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒട്ടനവധി നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ, ലൈറ്റ്നിംഗ് സ്ക്വാഡ്, യു.ട്യൂബ്, ട്വിറ്റർ, വാട്ടസ് അപ്പ്, ഫേസ്ബുക്ക് എന്നീ സംവിധാനങ്ങളിൽ കൂടി നേരിട്ടു ഹാജരായി പരാതി നൽകാതെ തന്നെ, ഏതൊരു പൗരനും അഴിമതിയുണ്ടായാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അറിവിൽ കൊണ്ടുവരാവുന്നതാണ്. ഇതിനുപുറമേ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനപങ്കാളിത്തത്തോടുകൂടി അഴിമതി തടയാനുള്ള സംരംഭത്തിന്റെ ഭാഗമായി 'വിജിലന്റ് കേരള' എന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

(ബി) ഹൈക്കോടതിയോ കീഴ്ക്കോടതികളോ ആവശ്യപ്പെട്ടപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിന് അന്വേഷണം നടത്തേണ്ടി വന്നിട്ടില്ല.

(സി) വി.സി. 06/2014/എസ്.ഐ.യു,I,

വി.സി.02/2013/കെ.എൻ.ആർ.,

വി.സി.02/2012/സി.ആർ.ഇ,

വി.സി.10/2013/ കെ.കെ.ഡി,

വി.സി.01/2013/എസ്.സി.കെ,

വി.സി.05/2010/എസ്.ഐ.യുI എന്നീ കേസുകൾ തുടരന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(ഡി) പാമോലിൻ ഇറക്കുമതി അഴിമതി സംബന്ധിച്ച വി.സി.01/2009/ എസ്.സി.റ്റി നമ്പർ വിജിലൻസ് കേസ് 13-9-2013 തീയതിയിലെ ജി.ഒ. (ആർ.റ്റി) 145/2013/ വി.ജി. നമ്പർ ഉത്തരവു പ്രകാരം പിൻവലിക്കാൻ സർക്കാർ ഉത്തരവായെങ്കിലും തൃശ്ശൂർ വിജിലൻസ് കോടതി 10-1-2014-ലെ ഉത്തരവു പ്രകാരം നിരാകരിച്ചു.

(ഇ) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച വിജിലൻസ് കേസുകൾ അനുബന്ധമായി ചേർക്കുന്നു.*

ധനകാര്യ-പൊതുഭരണ വകുപ്പുകളുടെ ലയനം

6 (1737) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനെ പൂർണ്ണമായും ഇ-ഓഫീസ് ആക്കുമോ ;

(ബി) ധനകാര്യ-പൊതുഭരണ വകുപ്പുകൾ ലയിപ്പിക്കുന്നത് പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES, Kerala Legislative Assembly